# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

## കരട് രേഖ-12/11/2024

കോട്ടയം ജില്ലയിലെ എരുമേലി സൗത്ത്, മണിമല വില്ലേജുകളിലായി
ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളത്തിന്റെ
നിർമ്മാണത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കൽ



കോട്ടയം ജില്ലാ കളക്ടർ
ചുമതലപ്പെടുത്തിയത്

അർത്ഥനാധികാരി

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ
ഡെവലപ്മെൻറ്
കോർപ്പറേഷൻ ലിമിറ്റഡ്
(കെഎസ്ഐഡിസി)

തിരുവനന്തപുരം


സാമൂഹ്യ പ്രത്യാഘാത പഠന
വിലയിരുത്തൽ യൂണിറ്റ്

ഭാരത മാത സ്ക്കൂൾ ഓഫ്
സോഷ്യൽ വർക്ക്,
ഭാരത മാത കോളേജ്, തൃക്കാക്കര,
കൊച്ചി- 21
Email -bmssw@bharatamatacollege.in ,
9496362592
www.bmssw.in

# ഉള്ളടക്കം


**അദ്ധ്യായം 1:** പഠനത്തിന്റെ സംക്ഷിപ്ത രൂപം

**അദ്ധ്യായം 2:** പദ്ധതിയുടെ വിശദ വിവരങ്ങൾ

**അദ്ധ്യായം 3:** പഠനസംഘം, പഠന സമീപനം, പദ്ധതി ശാസ്ത്രം

**അദ്ധ്യായം 4:** സ്ഥലത്തിന്റെ മൂല്യ നിർണ്ണയം

**അദ്ധ്യായം 5:** ആഘാത ബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

**അദ്ധ്യായം 6:** സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പശ്ചാത്തലം (പദ്ധതി പ്രദേശവും പുനഃസ്ഥാപന പ്രദേശവും)

**അദ്ധ്യായം 7:** സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

**അദ്ധ്യായം 8:** സാമൂഹ്യ പ്രത്യാഘാത ദൂരീകരണ പദ്ധതി സ്ഥാപന സംവിധാനം

**അദ്ധ്യായം 9:** സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

**അദ്ധ്യായം 10:** സാമൂഹ്യ പ്രത്യാഘാത ദൂരീകരണ പദ്ധതി-മേൽനോട്ടവും മൂല്യനിർണ്ണയവും

**അദ്ധ്യായം 11:** നേട്ടങ്ങളും നഷ്ടങ്ങളും- അപഗ്രഥനം, ശുപാർശകൾ

# പട്ടികകൾ

**പട്ടിക 3.1**
സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം

**പട്ടിക 3.2**
സാമൂഹ്യ പ്രത്യാഘാത പഠന സംഘം നടത്തിയ വിവിധ പ്രവർത്തനങ്ങൾ

**പട്ടിക 5.1**

പദ്ധതിയുടെ പ്രത്യക്ഷാഘാത ബാധിതർ

**പട്ടിക 5.2**

മരങ്ങൾ/ഫലദായക വൃക്ഷങ്ങളുടെ വിവരപട്ടിക

**പട്ടിക 6.1**
പദ്ധതി ബാധിത പ്രദേശത്തെ ജനങ്ങളുടെ പ്രായം തിരിച്ചുള്ള വിവരം

**ചിത്രം 6.2**

പദ്ധതി ബാധിത വ്യക്തികളുടെ വിദ്യാഭ്യാസ നിലവാരം

**പട്ടിക 7.1**
സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം

# ചിത്രങ്ങൾ

**ചിത്രം 4.1** നിർദിഷ്ട പദ്ധതി പ്രദേശം

**ചിത്രം 6.1** പദ്ധതി ബാധിത ജനങ്ങളുടെ പ്രായം

**ചിത്രം 6.2** പദ്ധതി ബാധിത വ്യക്തികളുടെ വിദ്യാഭ്യാസ നിലവാരം

**ചിത്രം 6.3** റേഷൻ കാർഡിന്റെ തരം

# അദ്ധ്യായം 1
# പഠനത്തിന്റെ സംക്ഷിപ്ത രൂപം

### 1.1 പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

ആധുനിക ലോകത്ത് തിരക്കേറിയ ജീവിതശൈലിയുടെ ആവശ്യങ്ങൾ നിറവേറ്റാൻ അതിവേഗ യാത്രാ മാർഗ്ഗങ്ങൾ സഹായിക്കുന്നു. ഒരു പുതിയ വിമാനത്താവളത്തിന്റെ സാധ്യത ഇവിടെയാണ് ഉയർന്നു വരുന്നത്. വിമാനത്താവളങ്ങൾ വെറും ഗതാഗത കേന്ദ്രങ്ങൾ മാത്രമല്ല, അവ ഒരു രാജ്യത്തിന്റെ സമഗ്ര വളർച്ചയ്ക്കും ആഗോള ബന്ധത്തിനും സഹായകമായ കവാടങ്ങളും കൂടിയാണ്.

വിമാനത്താവളം പ്രാദേശിക വികസനത്തിന് നിർണ്ണായകമായ ഒരു കേന്ദ്രമായി നിലകൊള്ളുകയും വിവിധ മേഖലകളിൽ അനവധി അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. പ്രാഥമികമായി വിമാനത്താവളം നേരിട്ടുള്ള തൊഴിൽ അവസരങ്ങൾ നൽകുന്നതിനൊപ്പം, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ഗതാഗത സംവിധാനങ്ങൾ മുതലായ അനുബന്ധ സേവനങ്ങളിലൂടെയും പരോക്ഷമായ സാധ്യതകൾ ഒരുക്കി പ്രാദേശിക സമ്പദ് വ്യവസ്ഥയ്ക്ക് ഊർജ്ജം നൽകുന്നു. ഈ പദ്ധതി മുണ്ടക്കയം, വാഗമൺ മലനിരകൾ, പെരിയാർ കടുവ സംരക്ഷണ കേന്ദ്രം, കുമരകം, കുമളി, വേമ്പനാട് കായൽ, ഗവി, തേക്കടി, ഇടുക്കി അണക്കെട്ട്, മൂന്നാർ, എന്നിവിടങ്ങളിലെ ഇക്കോ-ടൂറിസം കേന്ദ്രങ്ങളുമായും ബന്ധിപ്പിക്കുന്നു. കൂടാതെ, വിനോദസഞ്ചാര മേഖലയുടെ വളർച്ചയിലൂടെ സ്ഥിരമായ സന്ദർശകരുടെ ഒഴുക്ക് പ്രാദേശിക വ്യാപാര-സാംസ്കാരിക കേന്ദ്രങ്ങൾക്കും, അതിഥി സേവന കേന്ദ്രങ്ങൾക്കും പ്രയോജനകരമാകുന്നു.

മികച്ച ഗതാഗത സൗകര്യങ്ങൾ പുതിയ ബിസിനസുകളെയും നിക്ഷേപങ്ങളെയും ആകർഷിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്നു. ഇത് മെച്ചപ്പെട്ട റോഡുകൾ, പൊതുഗതാഗത സംവിധാനം, ആശയവിനിമയ ശൃംഖലകൾ എന്നിവയുൾപ്പെടുന്ന അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് കാരണമാകുന്നു. പുതിയ വിമാനത്താവളം ഒരു പ്രദേശത്തിന്റെ സാമ്പത്തിക പുരോഗതിക്കു മാത്രമല്ല, ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുവാനും പരസ്പരബന്ധിതമായ ഒരു സമൂഹത്തിന്റെ രൂപീകരണത്തിനും സഹായകമാകുന്നു.

പരിസ്ഥിതി സൗഹാർദ്ദമായ സവിശേഷതകളോടെ, മുൻപ് വികസിതമല്ലാത്ത ഭൂമിയിൽ നിർമ്മിക്കുന്ന വ്യോമഗതാഗത സംവിധാനമാണ് ഗ്രീൻഫീൽഡ് വിമാനത്താവളങ്ങൾ. നിലവിലുള്ള സൗകര്യങ്ങളെ വിപുലീകരിക്കുന്ന ബ്രൌൺ ഫീൽഡ് വിമാനത്താവളങ്ങളിൽ നിന്ന് വ്യത്യസ്തമായി പുതുതായി നിർമ്മിക്കപ്പെടുന്നതാണ് ഇവ.

ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളത്തിന്റെ നിർമ്മാണത്തിന് കോട്ടയം ജില്ലയിലെ എരുമേലി സൗത്ത്, മണിമല വില്ലേജുകളിലായി ഏകദേശം 1039.876 ഹെക്ടർ (2570 ഏക്കർ) ഭൂമിയാണ് ഏറ്റെടുക്കപ്പെടുന്നത്. ശബരിമലയിലേക്ക്

എത്തുന്ന തീർത്ഥാടകർക്ക് കൂടുതൽ സൗകര്യപ്രദവും എളുപ്പവുമായ ഗതാഗത സൗകര്യം നിർദ്ദിഷ്ട പദ്ധതിയിലൂടെ ലഭ്യമാകുന്നു.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം, 2013 വകുപ്പ് 2(1)b(i) പ്രകാരം നിർദ്ദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കൽ ഒരു പൊതു ആവശ്യമായി കാണാവുന്നതാണ്.

**1.2 സ്ഥലം**

കോട്ടയം ജില്ല കാഞ്ഞിരപ്പള്ളി താലൂക്കിലെ എരുമേലി സൗത്ത്, മണിമല വില്ലേജുകളിൽ ആയി വരുന്ന ഏകദേശം 1039.876 ഹെക്ടർ (2570 ഏക്കർ) സ്ഥലം ആണ് നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കപ്പെടുന്നത്.

**1.3 ഭൂമി ഏറ്റെടുക്കുന്നതിന്റെ വിസ്താരവും ഗുണങ്ങളും**

പദ്ധതി പ്രദേശം കോട്ടയം ജില്ല കാഞ്ഞിരപ്പള്ളി താലൂക്ക് എരുമേലി സൗത്ത് വില്ലേജിലെ ബ്ലോക്ക്-22, 23, മണിമല വില്ലേജിലെ ബ്ലോക്ക്-19, 21 എന്നിവയിൽ ഉൾപ്പെടുന്നു. ഈ പദ്ധതിക്കായി ഏകദേശം 1039.876 ഹെക്ടർ (2570 ഏക്കർ) ഭൂമിയാണ് ഏറ്റെടുക്കേണ്ടി വരുന്നത്. ഏറ്റെടുക്കുന്ന ഭൂമി പുരയിടം, നിലം വിഭാഗത്തിൽപ്പെടുന്നു.

**1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ**

ശബരിമല എയർപോർട്ട് പദ്ധതിയുടെ അവലോകന യോഗം 2017 ൽ ബഹു. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്നിരുന്നു. പ്രസ്തുത അവലോകന യോഗത്തിൽ പദ്ധതിയ്ക്കനുയോജ്യമായ സ്ഥലങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിനു വേണ്ടി ശ്രീ. പി.എച്ച്. കുര്യൻ ഐ.എ.എസ്. അഡിഷണൽ ചീഫ് സെക്രട്ടറി റവന്യൂ വകുപ്പ് ശ്രീമതി. എം. ബീന ഐ.എ.എസ് മാനേജിംഗ് ഡയറക്ടർ. കെ.എസ്.ഐ.ഡി.സി. ശ്രീമതി ഗിരിജ. ഐ.എ.എസ്. പത്തനംതിട്ട ജില്ലാ കളക്ടർ ശ്രീമതി. സി. എ. ലത, ഐ.എ.എസ്. കോട്ടയം ജില്ലാ കളക്ടർ, തുടങ്ങിയവരുൾപ്പെട്ട നാലംഗ ഉദ്യോഗസ്ഥ സംഘത്തെ ചുമതലപ്പെടുത്തുകയുണ്ടായി. പ്രസ്തുത സംഘം ശബരിമല വിമാനത്താവളത്തിനനുയോജ്യമായ സ്ഥലങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിനായി പത്തനംതിട്ട. കോട്ടയം ജില്ലകളിലായി ആറോളം സ്ഥലങ്ങൾ സന്ദർശിച്ചു. ഇവയെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ താഴെ ചേർക്കുന്നു;

1. <u>ചെറുവള്ളി എസ്റ്റേറ്റ് എന്നറിയപ്പെടുന്ന ഹാരിസൺ മലയാളം പ്ലാന്റേഷൻ-</u> കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽ ഉൾപ്പെടുന്ന 2263.18 ഏക്കർ സ്ഥലമാണ് നിർദ്ദിഷ്ട പ്രദേശം. തിരുവനന്തപുരത്ത് നിന്ന് 138 കിലോമീറ്ററും, കൊച്ചിയിൽ നിന്ന് 113 കിലോമീറ്ററും, ശബരിമലയിലേക്കുള്ള ദൂരം 48 കിലോമീറ്ററും ആണ് വരുന്നത്. ഈ ഭൂമിയുടെ ഭൂരിഭാഗം സമതലവും ബാക്കി ചെറിയ കുന്നിൻ പ്രദേശവുമാണ്. സ്ഥലത്തിന്റെ തെക്കുവശത്തിന്റെ കുറച്ചുഭാഗം പൊന്തൻപുഴ വനമെന്നറിയപ്പെടുന്ന വനഭൂമിയുമായി അതിർത്തി പങ്കിടുന്നു. കോട്ടയം-എരുമേലി-പമ്പ, തേനി-കുമളി-മുണ്ടക്കയം-എരുമേലി-പമ്പ, തിരുവനന്തപുരം-പത്തനംതിട്ട-റാന്നി-എരുമേലി, ചങ്ങനാശ്ശേരി-മണിമല-എരുമേലി എന്നീ പി.ഡബ്ലിയുഡി റോഡുകളുടെയും കൊല്ലം-തേനി ദേശീയപാതയുടെയും പുതിയതായി പ്രഖ്യാപിക്കപ്പെട്ട ഭരണിക്കാവ്-പത്തനംതിട്ട-റാന്നി-എരുമേലി-മുണ്ടക്കയം ദേശീയപാതയുടെയും സമീപത്തായാണ് ഈ എസ്റ്റേറ്റ് സ്ഥിതി

ചെയ്യുന്നത്. ഈ സ്ഥലത്തിന്റെ മറ്റ് വികസന സാദ്ധ്യതകൾ ആയി കാണാവുന്നത്; ഒന്നാമത്തേത് എരുമേലി ടൌണിനോട് വളരെ ചേർന്ന് സ്ഥിതി ചെയ്യുന്നു. രണ്ടാമതായി ഇടുക്കി ജില്ലയിലെ പീരുമേട്, കുമളി, തേക്കടി, തമിഴ്നാട്ടിലെ കമ്പം, മധുര എന്നീ പട്ടണങ്ങളിലേയ്ക്കുള്ള നേരിട്ടുള്ള റോഡ് ലിങ്ക് എന്നിവയാണ്.

2. പ്രൊപ്പോസ് എസ്റ്റേറ്റ് എന്നറിയപ്പെടുന്ന ട്രാവൻകൂർ റബ്ബേഴ്സ് ക്ലിപ്തം, കോട്ടയം-

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽ ഉൾപ്പെടുന്ന 824.48 ഏക്കർ സ്ഥലമാണ് നിർദ്ദിഷ്ട പ്രദേശം. തിരുവനന്തപുരത്ത് നിന്ന് 135 കിലോമീറ്ററും, കൊച്ചിയിൽ നിന്ന് 110 കിലോമീറ്ററും, ശബരിമലയിലേക്കുള്ള ദൂരം 45 കിലോമീറ്ററും ആണ് വരുന്നത്. ഈ ഭൂമിയുടെ ഭൂരിഭാഗം സമതലവും ബാക്കി ചെറിയ കുന്നിൻ പ്രദേശവുമാണ്. സ്ഥലത്തിന്റെ വടക്കുഭാഗത്തായുള്ള പേരുത്തോടിനോട് ചേർന്ന് എരുമേലി-മുണ്ടക്കയം പി.ഡബ്ല്യുഡി റോഡിന്റെ വടക്കുവശം ചേർന്ന് ഉദ്ദേശം രണ്ടേക്കർ വനഭൂമിയുണ്ട്. ഈ ഭൂമിയിൽ വനം വകുപ്പിന്റെ ഗാർഡ് സ്റ്റേഷനും സ്ഥിതി ചെയ്യുന്നു. കൂടാതെ ട്രാവൻകൂർ റബ്ബർ എസ്റ്റേറ്റിൽ നിന്നും ഉദ്ദേശം 3 കിലോമീറ്റർ കിഴക്കുമാറി കോയിൽക്കാവ് എന്ന പ്രദേശം മുതൽ വനഭൂമിയുണ്ട്. തേനി-കുമളി-മുണ്ടക്കയം-എരുമേലി-പമ്പ, കോട്ടയം-കാഞ്ഞിരപ്പള്ളി-എരുമേലി-പമ്പ (ടി റോഡുകൾ പുതിയതായി പ്രഖ്യാപിക്കപ്പെട്ട ഭരണിക്കാവ്-പത്തനംതിട്ട-റാന്നി-വടശ്ശേരിക്കര-എരുമേലി-മുണ്ടക്കയം, ചങ്ങനാശ്ശേരി-മണിമല-എരുമേലി-മുണ്ടക്കയം, തിരുവല്ല-റാന്നി-എരുമേലി-മുണ്ടക്കയം എന്നീ പി.ഡബ്ല്യുഡി റോഡുകളുടെ സമീപത്തായാണ് എസ്റ്റേറ്റ് സ്ഥിതി ചെയ്യുന്നത്. മറ്റ് വികസന സാദ്ധ്യതകൾ എന്ന് പറയുമ്പോൾ എരുമേലി ടൌണിനോട് വളരെ ചേർന്ന് സ്ഥിതി ചെയ്യുന്നതാണ് നിർദ്ദിഷ്ട പ്രദേശം. അതുപോലെ ഇടുക്കി ജില്ലയിലെ പീരുമേട്, കുമളി, തേക്കടി, തമിഴ്നാട്ടിലെ കമ്പം, മധുര എന്നീ പട്ടണങ്ങളിലേയ്ക്കുള്ള നേരിട്ടുള്ള ലിങ്ക് റോഡുമുണ്ട്.

3. വെള്ളനാടി എസ്റ്റേറ്റ് എന്നറിയപ്പെടുന്ന ട്രോപ്പിക്കൽ പ്ലാന്റേഷൻ കോട്ടയം

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽ ഉൾപ്പെടുന്ന 749.10 ഏക്കർ സ്ഥലമാണ് നിർദ്ദിഷ്ട പ്രദേശം. തിരുവനന്തപുരത്ത് നിന്ന് 148 കിലോമീറ്ററും, കൊച്ചിയിൽ നിന്ന് 112 കിലോമീറ്ററും ആണ് വരുന്നത്. ശബരിമലയിലേക്കുള്ള ദൂരം 55 കിലോമീറ്ററാണ്, എന്നാൽ നേരിട്ട് റോഡ് കണക്ഷൻ ഇല്ല. ഈ ഭൂമിയുടെ ഭൂരിഭാഗം ചെറിയ കുന്നിൻ പ്രദേശവും ബാക്കി ഭാഗം സമതല പ്രദേശവുമാണ്. ഭൂമിയുടെ കിഴക്കുഭാഗം ഉദ്ദേശം രണ്ടേക്കർ വനഭൂമിയുണ്ട്. ഈ ഭൂമിയിൽ വനം വകുപ്പിന്റെ ഗാർഡ് സ്റ്റേഷനും സ്ഥിതി ചെയ്യുന്നു. കൂടാതെ ട്രാവൻകൂർ റബ്ബർ എസ്റ്റേറ്റിൽ നിന്നും ഉദ്ദേശം 150 മീറ്റർ വനഭൂമിയുമായി അതിർത്തിയുള്ളതാണ്. കൊല്ലം-തേനി റോഡിൽ മുണ്ടക്കയം എന്ന സ്ഥലത്ത് നിന്നും ഉദ്ദേശം 2.5 കിലോമീറ്റർ വടക്ക് കിഴക്ക് മാറിയാണ് വെള്ളനാടി എസ്റ്റേറ്റ് സ്ഥിതി ചെയ്യുന്നത്. എരുമേലി ടൌണിനോട് വളരെ ചേർന്നാണ് നിർദ്ദിഷ്ട പ്രദേശം സ്ഥിതി ചെയ്യുന്നത്. ഇടുക്കി ജില്ലയിലെ പീരുമേട്, കുമളി, തേക്കടി, തമിഴ്നാട്ടിലെ കമ്പം, മധുര

എന്നീ പട്ടണങ്ങളിലേയ്ക്കുള്ള നേരിട്ടുള്ള ലിങ്ക് റോഡുമുണ്ട് ഇവ വികസന സാദ്ധ്യതകൾ സൃഷ്ടിക്കുന്നു.

4. ളാഹ എസ്റ്റേറ്റ്

പത്തനംതിട്ട ജില്ലയിലെ റാന്നി താലൂക്കിൽ ഉൾപ്പെടുന്ന 2466.11 ഏക്കർ സ്ഥലമാണ് നിർദ്ദിഷ്ട പ്രദേശം. തിരുവനന്തപുരത്ത് നിന്ന് 130 കിലോമീറ്ററും, കൊച്ചിയിൽ നിന്ന് 125 കിലോമീറ്ററും ആണ് വരുന്നത്. ശബരിമലയിലേക്കുള്ള ദൂരം 38 കിലോമീറ്ററാണ്, എന്നാൽ ഒരേ ഒരു റോഡ് കണക്ഷൻ മാത്രമാണ് ഉള്ളത്. ഈ ഭൂമിയുടെ കുറെ നിരപ്പായ സ്ഥലവും, ബാക്കി കിഴുക്കാം തൂക്കായ മലനിരകളുമാണ്. സ്ഥലത്തിന്റെ മൂന്നു വശങ്ങളിൽ വനത്തിന്റെ സാന്നിദ്ധ്യമുണ്ട്. പത്തനംതിട്ട-പമ്പ റോഡിന്റെ ഇരുവശങ്ങളിലുമായാണ് ളാഹ എസ്റ്റേറ്റ് സ്ഥിതി ചെയ്യുന്നത്. ശബരിമലയുമായി ഏറ്റവും അടുത്ത് സ്ഥിതി ചെയ്യുന്നതിനാൽ പിൽഗ്രിം ടൂറിസം വഴിയുള്ള വികസന സാദ്ധ്യതകൾ സൃഷ്ടിക്കുന്നു.

5. കല്ലേലി എസ്റ്റേറ്റ്

പത്തനംതിട്ട ജില്ലയിലെ കോന്നി താലൂക്കിൽ ഉൾപ്പെടുന്ന 2629.50 ഏക്കർ ഭൂമിയാണ് നിർദ്ദിഷ്ട പ്രദേശം. തിരുവനന്തപുരത്ത് നിന്ന് 96.5 കിലോമീറ്ററും, കൊച്ചിയിൽ നിന്ന് 134 കിലോമീറ്ററും ആണ് വരുന്നത്. ശബരിമലയിലേക്ക് 83 കിലോമീറ്ററാണ്, എന്നാൽ നേരിട്ട് റോഡ് കണക്ഷൻ ഇല്ല. ഈ ഭൂമിയുടെ ഭൂരിഭാഗം കുന്നിൻ പ്രദേശവും ഉയർന്ന ഭാഗങ്ങൾ സമതലപ്രദേശവുമാണ്. ഗതാഗത സൌകര്യം കണക്കിലെടുക്കുമ്പോൾ പുനലൂർ-മൂവാറ്റുപുഴ സംസ്ഥാന പാതയിൽ കോന്നി ജംഗ്ഷന് സമീപം എലിയറയ്ക്കൽ എന്ന സ്ഥലത്ത് നിന്നും 5 കിലോമീറ്റർ മാറിയാണ് കല്ലേലി എസ്റ്റേറ്റ് സ്ഥിതി ചെയ്യുന്നത്. കല്ലേലി എസ്റ്റേറ്റിലേയ്ക്ക് പോകുന്നതിന് വനം വകുപ്പിന്റെ ചെക്ക്പോസ്റ്റ് മറികടക്കേണ്ടതും ഏകദേശം 3 കിലോമീറ്റർ റോഡ് വനഭൂമിയിലൂടെ കടന്ന് പോകുന്നതുമാണ്. ഇതിൽ മറ്റ് വികസന സാദ്ധ്യതകൾ കുറവാണ്.

6. കുമ്പഴ എസ്റ്റേറ്റ്

പത്തനംതിട്ട ജില്ലയിലെ കോന്നി താലൂക്കിൽ ഉൾപ്പെടുന്ന 2569.89 ഏക്കർ ഭൂമിയാണ് നിർദ്ദിഷ്ട പ്രദേശം. തിരുവനന്തപുരത്ത് നിന്ന് 105 കിലോമീറ്ററും, കൊച്ചിയിൽ നിന്ന് 125 കിലോമീറ്ററും ആണ് വരുന്നത്. ശബരിമലയിലേക്ക് 65 കിലോമീറ്ററാണ്, എന്നാൽ നേരിട്ട് റോഡ് കണക്ഷൻ ഇല്ല. ഈ ഭൂമിയുടെ ഭൂരിഭാഗം കുന്നിൻ പ്രദേശവും തട്ടുതട്ടുകളായി സ്ഥിതി ചെയ്യുന്നതുമാണ്. വിവാദമായ ചെങ്ങറ തോട്ടം ഉൾപ്പെടുന്നതുമാണ്. നിർദ്ദിഷ്ട ഭൂമിയിൽ വനമേഖലയില്ല. പത്തനംതിട്ട-മലയാലപ്പുഴ മെയിൻ റോഡിൽ നിന്നും പത്തുകിലോമീറ്റർ ഉള്ളിലേക്ക് (കച്ചാ റോഡ്) കുമ്പഴ എസ്റ്റേറ്റിൽ എത്തിച്ചേരാവുന്നതാണ്. ഇവിടെ മറ്റ് വികസന സാദ്ധ്യതകൾ കുറവാണ്.

ഭൂമിയുടെ വിസ്തീർണ്ണം, തിരുവനന്തപുരം, കൊച്ചി, തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുമുള്ള ദൂരം, ശബരിമലയിലേക്കുള്ള ദൂരം, സ്ഥലത്തിന്റെ ഭൂപ്രകൃതി, ഗതാഗതസൗകര്യം, റിസർവ്വ് വനത്തിന്റെ സാന്നിദ്ധ്യം മറ്റു വികസന സാദ്ധ്യതകൾ എന്നീ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി ആറ് സ്ഥലങ്ങളിൽ നിന്നും ചെറുവള്ളി

എസ്റ്റേറ്റ് എന്നറിയപ്പെടുന്ന ഹാരിസൺ മലയാളം പ്ലാന്റേഷൻ പദ്ധതിക്കായി തെരഞ്ഞെടുത്തു.

## 1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

കോട്ടയം ജില്ല കാഞ്ഞിരപ്പള്ളി താലൂക്ക് എരുമേലി സൗത്ത് വില്ലേജിലെ ബ്ലോക്ക് 22, 23, മണിമല വില്ലേജിലെ ബ്ലോക്ക് 19, 21 എന്നിവയിൽ ആയി വരുന്ന ഭൂമിയാണ് നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കുന്നത്. ഭൂമി ഏറ്റെടുക്കുന്നതിന്റെ പ്രധാന ആഘാതങ്ങൾ താഴെ പറയുന്നവയാണ്.

- കാഞ്ഞിരപ്പള്ളി താലൂക്കിൽപ്പെട്ട എരുമേലി സൗത്ത്, മണിമല വില്ലേജുകളിൽ ഉൾപ്പെടുന്ന 234 ഭൂഉടമകളുടെ ഭൂമിയും എസ്റ്റേറ്റ് ഭൂമിയുമാണ് നഷ്ടപ്പെടുന്നത്.
- പദ്ധതിയുടെ ഭാഗമായി 326 കുടുംബങ്ങൾ നിലവിലുള്ള ഭൂമിയിൽ നിന്ന് മാറി താമസിക്കേണ്ടി വരുന്നു.
- കൂടാതെ ചെറുവള്ളി എസ്റ്റേറ്റുമായി ബന്ധപ്പെട്ട് തൊഴിൽ ചെയ്യുകയും ഇതേ എസ്റ്റേറ്റിൽ സ്ഥിരമായി താമസിക്കുകയും ചെയ്യുന്ന 234 കുടുംബങ്ങൾക്ക് താമസവും ജീവിതമാർഗവും നഷ്ടപ്പെടുന്നു.
- പദ്ധതി 327 കുടുംബങ്ങളുടെ മുഖ്യ ഉപജീവനമാർഗ്ഗത്തെ നേരിട്ട് ബാധിക്കുന്നു.
- ഭൂമി ഏറ്റെടുക്കുന്നതിലൂടെ 363 ആളുകളുടെ വരുമാനത്തെ ബാധിക്കും.
- പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുമ്പോൾ ഒരു വീട് മാത്രം ഒറ്റപ്പെട്ടു പോകും
- സെന്റ് തോമസ് എക്യുമിനിക്കൽ ചർച്ച്, ഹിദായത്തുൽ ഇസ്ലാം ജുമാ മസ്ജിദ്, ശ്രീ അമ്മൻ കോവിൽ, ശ്രീ പൂവൻപാലമല ക്ഷേത്രം, സെന്റ് ഗ്രിഗോറിയസ് കുരിശു പള്ളി, സെന്റ് ജോസഫ് ചർച്ച് കാരിത്തോട്, പഞ്ചതീർത്ഥ പരാശക്തി ദേവസ്ഥാനം (അഞ്ചുകുഴി), തുടങ്ങി 7 ആരാധനാലയങ്ങൾ നഷ്ടമാകുന്നു.
- എസ്റ്റേറ്റിനുള്ളിൽ ജനിച്ചു വളർന്ന തോഴിലാളികൾക്ക് പുതിയ ഒരു ജോലി കണ്ടു പിടിക്കാനും എസ്റ്റേറ്റിൽ മാത്രം ജീവിക്കുന്ന ഇവർക്ക് പുറമെയുള്ള പുതിയ സംസ്കാരവും ആളുകളുമായും ഇടകലരാൻ ബുദ്ധിമുട്ടുണ്ടാകും.
- കാലങ്ങളായി കൈമാറിവന്നിരുന്ന എസ്റ്റേറ്റിലെ സ്ഥിര ജോലി തൊഴിലാളികൾക്ക് നഷ്ടമാകും.
- എസ്റ്റേറ്റിനുള്ളിലൂടെ വഴി ഉണ്ടായിരുന്ന രണ്ടു കുടുംബങ്ങളുടെ വഴി നഷ്ടമാകും.
- ബി സി ചെറുവള്ളി എസ്റ്റേറ്റിനുള്ളിലെ ഒരു ആശുപത്രി, ഒരു കാന്റീൻ, ഒരു ലേബർ ഓഫീസ്, ഒരു റേഷൻ കട എന്നിവ പൊളിച്ചു മാറ്റേണ്ടി വരുന്നു.
- പ്രവർത്തന രഹിതമായ ബി സി ചെറുവള്ളി എസ്റ്റേറ്റിനുള്ളിലെ ബാലവാടി, ഐസോലേഷൻ കെട്ടിടം നഷ്ടമാകുന്നു

- ഭൂമി ഏറ്റെടുക്കുന്നതിലൂടെ പ്രദേശത്തെ 2 സ്കൂളുകൾ, പ്രവർത്തന രഹിതമായ എസ്റ്റേറ്റിന് ഉള്ളിലെ ഒരു സ്ക്കൂളും, എസ്റ്റേറ്റിന് പുറത്തായി നോയൽ മെമ്മോറിയൽ എൽ പി സ്ക്കൂളും ആണ് നഷ്ടമാകുന്നത്.
- കിണർ, കുഴൽ കിണർ, ചുറ്റുമതിൽ, മെഷീൻ ഷർട്ട് തുടങ്ങിയവയും നഷ്ടമാകുന്നു.
- തോട്, അരുവി തുടങ്ങിയ ജലാശയങ്ങളും മറ്റ് പ്രകൃതി വിഭവങ്ങളും പദ്ധതി പ്രദേശത്തിൽ ഉൾപ്പെടുന്നു.
- സമീപ പ്രദേശങ്ങളിൽ ഉരുൾ പൊട്ടൽ മറ്റും റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ മലനിരകളും കുന്നുകളും ഇടിച്ചുനിരത്തുന്നത് മൂലം ഭാവിയിൽ പ്രകൃതി ക്ഷോഭ സാധ്യത ഉണ്ടായേക്കാവുന്നതാണ്.
- മണിമല പുഴയിലേക്ക് എത്തിച്ചേരുന്ന ധാരാളം നീരുറവകളും ചെറിയ കൈത്തോടുകളും പദ്ധതി പ്രദേശത്ത് ഉൾപ്പെട്ടിട്ടുണ്ട്, ഇവ നഷ്ടപ്പെടുന്നത് പ്രധാന ജല സ്രോതസ്സായ മണിമല ആറിന്റെ സ്വാഭാവിക നീരൊഴിക്കിനെ നഷ്ടമാക്കും.
- ഇത് മണിമലയാറിനെ ആശ്രയിച്ച് കഴിയുന്ന ഒരുപാട് ജനങ്ങൾക്ക് കുടിവെള്ള പ്രശ്നം ഉണ്ടാകും. അതുപോലെ തന്നെ ആറ്റിലെ വെള്ളം ആശ്രയിച്ച് കൃഷി ഇറക്കിയ ആളുകളെയും ബാധിക്കും.
- ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി റബ്ബർ, തെങ്ങ്, ഏലം, കുരുമുളക്, കൊക്കോ, കാപ്പി തുടങ്ങിയ നാണ്യവിളകളും മാവ്, പ്ലാവ് തുടങ്ങിയ ഫലവൃക്ഷങ്ങളും ധാരാളം വെട്ടി മാറ്റേണ്ടതായി വരുന്നു. അതുപോലെ ഓമ, ആഞ്ഞിലി, തേക്ക് തുടങ്ങിയ മരങ്ങളും, തോട്ട വിളയായ കൈതച്ചക്ക, വാഴ, മരച്ചീനി, കാച്ചിൽ ചേമ്പ്, ചേന, ഇഞ്ചി, പുളി മരം തുടങ്ങിയ ഇടക്കാല വരുമാന മാർഗങ്ങളും നഷ്ടമാകുന്നു.

**<u>മരങ്ങൾ/ഫലദായക വൃക്ഷങ്ങളുടെ വിവരങ്ങൾ</u>**

| മരങ്ങൾ/ഫലദായക വൃക്ഷങ്ങൾ | എണ്ണം |
|---|---|
| വാഴ | 1286 |
| പ്ലാവ് | 1001 |
| ആഞ്ഞിലി | 1943 |
| പപ്പായ | 236 |
| ജാതി | 322 |
| കൊക്കോ | 594 |
| തേക്ക് | 2392 |
| പേര | 22 |

| | |
|---|---|
| തെങ്ങ് | 910 |
| മാവ് | 174 |
| മരച്ചീനി | 2426 |
| കുരുമുളക് | 1620 |
| ഇഞ്ചി | 1 |
| റംബൂട്ടാൻ | 169 |
| റബ്ബർ | 17736 |
| കാപ്പി | 5155 |
| പുളി | 44 |
| കാച്ചിൽ | 20 |
| മഞ്ഞൾ | 5 |
| ചേമ്പ് | 220 |
| മാഗോസ്റ്റിൻ | 14 |
| ചിക്കു | 1 |
| മഹാഗണി | 533 |
| നെല്ലി | 16 |
| മുള | 7 |
| അടയ്ക്ക മരം | 76 |
| അത്തി | 1 |
| സപ്പോട്ട | 3 |
| കവുങ്ങ് | 2205 |
| ഓറഞ്ച് | 1 |
| മുല്ല തൈ | 4 |
| കറുകപ്പട്ട | 5 |
| ആത്ത | 20 |
| കൈതച്ചക്ക | 90 ഹെക്ടർ |
| നാരകം | 5 |
| പഞ്ചസാര മരം | 1 |

| | |
|---|---|
| മൾബെറി | 3 |
| വാനില | 105 |
| അശോകമരം | 2 |
| വെറ്റില | 115 |
| കൊന്ന | 4 |
| റൂബിക്ക | 1 |
| സീതപ്പഴം | 4 |
| ഞാവൽ മരം | 3 |
| കാഞ്ഞിരം | 2 |
| വെണ്ണിലാവ് | 1 |
| വാക | 15 |
| ചാമ്പ | 8 |
| കറിവേപ്പ് | 25 |
| അമ്പഴം | 1 |
| പന | 9 |
| പാല | 1 |
| ഈട്ടി | 2 |
| മുരിങ്ങ | 13 |
| കശുമാവ് | 19 |
| ഡ്രാഗൺ ഫ്രൂട്ട് | 1 |
| വഴുതനങ്ങ | 6 |
| ചേന | 35 |
| ഊദു | 1 |
| ഏലം | 1 |
| ഓമ | 26 |
| കബീസിയ | 1 |
| ചന്ദനം | 5 |
| എലവ് | 1 |
| കണികൊന്ന | 1 |

| | |
|---|---|
| കടച്ചക്ക | 2 |
| മരുത് | 7 |
| ചെമ്പകം | 1 |
| മറ്റുള്ള പാഴ് മരങ്ങൾ, ചെടികൾ | 2110 |

## 1.6. ലഘൂകരണ നടപടികൾ

പദ്ധതിപ്രദേശം സന്ദർശിച്ചതിലൂടെയും, പദ്ധതിയുടെ ആഘാത ബാധിത കുടുംബങ്ങളുടെ വിവരങ്ങൾ ശേഖരിച്ചതിലൂടെയും, തത്പ്പരകക്ഷികളുമായുള്ള അഭിമുഖങ്ങളേയും അടിസ്ഥാനമാക്കി താഴെ പറയുന്ന ദുരീകരണ നടപടികൾ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം നിർദ്ദേശിക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, ഇതിനോടനുബന്ധിച്ചുള്ള കേരള ചട്ടങ്ങൾ, കാലാകാലങ്ങളിൽ ഗവണ്മെന്റ് പുറപ്പെടുവിച്ച ഉത്തരവുകൾ എന്നിവ പാലിച്ചുകൊണ്ടായിരിക്കണം പുനരധിവാസ പുനഃസ്ഥാപന പ്രവർത്തനങ്ങളും നഷ്ടപരിഹാരം നൽകൽ നടപടികളും കൈക്കൊള്ളേണ്ടത്.
- ഭൂമി ഏറ്റെടുക്കൽ പ്രക്രിയ കാലതാമസം കൂടാതെ പൂർത്തീകരിക്കുകയും ആഘാത ബാധിതർക്കുള്ള നഷ്ടപരിഹാരം കഴിയുന്നത്ര വേഗത്തിൽ നൽകുകയും ചെയ്യുക.
- പദ്ധതിപ്രദേശത്ത് നിന്നുള്ള കുടിയൊഴിപ്പിക്കൽ പദ്ധതിയുടെ കഠിനമായ ഒരു ആഘാതമായി പരിഗണിക്കുക, പദ്ധതിപ്രദേശത്ത് നിന്ന് മാറ്റി പാർപ്പിക്കേണ്ട കുടുംബങ്ങൾക്ക് മുൻഗണന നൽകുക.
- പദ്ധതി പ്രദേശത്തെ തങ്ങളുടെ താമസത്തിനും ഉപജീവനത്തിനുമായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾക്ക് അവരുടെ ഉപജീവനമാർഗ്ഗം നഷ്ടമാകാത്ത വിധത്തിൽ പുനരധിവാസ നടപടികൾ സ്വീകരിക്കേണ്ടതാണ്.
- ആഘാത ബാധിതമാകുന്ന വീടുകൾക്കും മുറിച്ച് മാറ്റപ്പെടുന്ന വൃക്ഷങ്ങൾക്കും നഷ്ടപരിഹാരം നൽകുക.
- പദ്ധതിമൂലം വസ്തുവകകളിലേക്കുള്ള പ്രവേശനമാർഗ്ഗം തടസ്സപ്പെടുന്ന കുടുംബങ്ങൾക്ക് അവരുടെ ഭൂമിയിലേക്ക് റോഡിൽ നിന്നും നേരിട്ടുള്ള പ്രവേശനം സാധ്യമാക്കുന്നതിന് ബദൽ സംവിധാനം ചെയ്യുക.
- ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി തൊഴിലും താമസവും നഷ്ടപ്പെടുന്ന എസ്റ്റേറ്റ് തൊഴിലാളികളുടെ പുനരധിവാസവും ഉറപ്പാക്കുക.
- പദ്ധതി പ്രദേശത്തെ ബിസിനസ്സ് സ്ഥാപനങ്ങൾ പദ്ധതിബാധിതമാകുന്ന ഉടമകൾക്ക് സമയാധിഷ്ഠിതമായി നഷ്ടപരിഹാരവും പുനഃസ്ഥാപന നടപടികളും നൽകി അവരുടെ ഉപജീവനം നിലനിറുത്തേണ്ടതാണ്. കൂടാതെ പ്രസ്തുത സ്ഥാപനങ്ങളിൽ 3 വർഷമോ അതിലധികമോ ആയി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വാടകക്കാരെയും തൊഴിലാളികളേയും മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരത്തിന് പരിഗണിക്കേണ്ടതാണ്.

- പദ്ധതി നിർമ്മാണ ഘട്ടത്തിൽ പദ്ധതിപ്രദേശത്തെ കെട്ടിടങ്ങളിൽ കുടുംബങ്ങൾക്ക് താമസത്തിനോ ഉപജീവന പ്രവർത്തനത്തിനോ തടസ്സം നേരിട്ടാൽ, നിജസ്ഥിതി പരിശോധിച്ച്, ആവശ്യമെങ്കിൽ, പ്രസ്തുത കാലഘട്ടത്തിൽ ബദൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.
- ഏറ്റെടുക്കലിനുശേഷം അവശേഷിക്കുന്ന സ്ഥലം, നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി പദ്ധതിബാധിതമാകുന്ന നിർമ്മിതികളുടെ പുനസ്ഥാപനത്തിനോ, പുതുതായി നിർമ്മാണം നടത്തുന്നതിനോ മതിയാകാതെ വരുന്ന സാഹചര്യത്തിൽ, പ്രസ്തുത വസ്തുക്കളുടെ നിജസ്ഥിതി പരിശോധിച്ച് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ സാധ്യമായ ഇളവുകൾ നൽകുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പരിഗണനക്കായി നിർദ്ദേശിക്കേണ്ടതാണ്
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ സമീപത്തുള്ള വീടുകളിലേക്കും, കടകളിലേക്കും വസ്തുവകകളിലേക്കും പ്രവേശനം തടസപ്പെടാത്ത വിധത്തിൽ മതിയായ വഴി ലഭ്യമാക്കണം
- പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷത്തൈകൾ നട്ട് പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ പദ്ധതി പ്രദേശത്ത് ഉപേക്ഷിക്കാതിരിക്കുന്നതിനും, യഥാസമയം ശാസ്ത്രീയമായ നിർമാർജ്ജനം ചെയ്യുന്നതിനുമുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം
- പദ്ധതിക്കുവേണ്ടി മാറ്റേണ്ടിവരുന്ന വൈദ്യുത ലൈൻ, വൈദ്യുത തൂണുകൾ കുടിവെള്ള പൈപ്പുകൾ എന്നിവയുടെ പുനഃസ്ഥാപിക്കൽ ത്വരിതപ്പെടുത്തുക
- പദ്ധതിയുടെ നിർമ്മാണ ഘട്ടത്തിൽ പൊടിശല്ല്യവും യന്ത്രസാമഗ്രികളുടെ ശബ്ദവും കഴിയുന്നത് കുറക്കുന്നതിനുമുള്ള ശാസ്ത്രീയമായ നിർമ്മാണഘട്ടത്തിനു മുൻപേതന്നെ ആസൂത്രണം ചെയ്യണം
- സ്വന്തം ഉടമസ്ഥതയിൽ ഭൂമി ഇല്ലാത്ത എസ്റ്റേറ്റ് തൊഴിലാളികൾക്ക് പുനരധിവാസത്തിനായി ന്യായമായ നഷ്ടപരിഹാരം കിട്ടുന്നതിന് പ്രത്യേക പരിഗണന നൽകണം
- പദ്ധതി പ്രദേശത്ത് കൂടുതലായി ഉള്ളത് 60 വയസ്സു കഴിഞ്ഞ ആളുകളാണ്, ആയത് കൊണ്ട് പ്രായമായ ഒറ്റപ്പെട്ട ആളുകൾക്കും, ഒറ്റപ്പെട്ട് കിടപ്പിലായ മാതാപിതാക്കൾക്കും പുനരധിവാസ സൗകര്യം ഉറപ്പാക്കണം.
- പദ്ധതി പ്രദേശത്ത് താമസിക്കുന്ന ആളുകൾക്ക് യോഗ്യത അനുസരിച്ച് വിമാനത്താവള നിർമാണത്തിലും തുടർന്നും ജോലിക്കായി പരിഗണിക്കുക.
- മണിമല പുഴയിലേക്ക് എത്തിച്ചേരുന്ന ധാരാളം നീരുറവകളും ചെറിയ കൈത്തോടുകളും പദ്ധതി പ്രദേശത്ത് ഉൾപ്പെട്ടിട്ടുണ്ട്, ഇവ നഷ്ടപ്പെടുന്നത് പ്രധാന ജല സ്രോതസ്സായ മണിമല ആറിന്റെ സ്വാഭാവിക നീരൊഴിക്കിനെ നഷ്ടമാക്കും. അവ സംരക്ഷിക്കുന്നതിനായി നടപടികൾ സ്വീകരിക്കുക.

# അദ്ധ്യായം 2

# പദ്ധതിയുടെ വിശദവിവരങ്ങൾ

## 2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പെടെ പദ്ധതിയുടെ പശ്ചാത്തലം

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെൻറ് കോർപ്പറേഷനാണ് (കെഎസ്ഐഡിസി) കേരളത്തിൽ വ്യാവസായിക നിക്ഷേപം നടത്താൻ കേരള സർക്കാരിന്റെ ഏജൻസി. കെഎസ്ഐഡിസി ആണ് എരുമേലിയിലെ ശബരിമല ഗ്രീൻഫീൽഡ് എയർപോർട്ടിന്റെ നോഡൽ ഏജൻസി. പദ്ധതിയുടെ സാങ്കേതിക-സാമ്പത്തിക സാധ്യതാ പഠനവും, പരിസ്ഥിതി ആഘാത വിലയിരുത്തലും നടത്താൻ കെഎസ്ഐഡിസിയെയാണ് നിയമിച്ചിരിക്കുന്നത്.

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽ ഉൾപ്പെടുന്ന മണിമല വില്ലേജിലെ ബ്ലോക്ക് 19, 21 എരുമേലി സൗത്ത് വില്ലേജിലെ ബ്ലോക്ക് 22, 23 ൽ ആയി വരുന്ന സ്ഥലമാണ് നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കപ്പെടുന്നത്. കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിലെ എരുമേലി സൗത്ത് മണിമല വില്ലേജുകളിലായി നടപ്പിലാക്കുന്ന ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളത്തിന്റെ നിർമ്മാണമാണ് നിർദ്ദിഷ്ട പദ്ധതി. ഈ പദ്ധതിക്കായി ഏകദേശം 1039.876 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടി വരുന്നത്.

### 2.1.1(a) പദ്ധതി നടപ്പിലാക്കുന്ന ഏജൻസി

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് (കെഎസ്ഐഡിസി) തിരുവനന്തപുരം ആണ് പദ്ധതിയുടെ അർത്ഥനാധികാരി.

### 2.1.1(b) ഭൂമി ഏറ്റെടുക്കൽ അധികാരി

ഭൂമി ഏറ്റെടുക്കൽ അധികാരി സ്പെഷ്യൽ തഹസിൽദാർ, എൽ എ ജനറൽ കോട്ടയം ആണ്. ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഉത്തരവാദിത്തം അദ്ദേഹത്തിൽ നിക്ഷിപ്തമാണ്.

## 2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുതാൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

ആധുനിക ലോകത്ത് തിരക്കേറിയ ജീവിതശൈലിയുടെ ആവശ്യങ്ങൾ നിറവേറ്റാൻ അതിവേഗ യാത്രാ മാർഗങ്ങൾ സഹായിക്കുന്നു. ഒരു പുതിയ വിമാനത്താവളത്തിന്റെ സാധ്യത ഇവിടെയാണ് ഉയർന്നു വരുന്നത്. വിമാനത്താവളം പ്രാദേശിക വികസനത്തിന് നിർണ്ണായകമായ ഒരു കേന്ദ്രമായി നിലകൊള്ളുകയും വിവിധ മേഖലകളിൽ അനവധി അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം, 2013 വകുപ്പ് 2(1)b(i) പ്രകാരം പൊതു ആവശ്യം എന്നു പറയുന്നത്, ഇന്ത്യാ ഗവണ്മെൻറിൻറ സാമ്പത്തിക വിഭാഗം 27.03.2012 ന് പുറപ്പെടുവിച്ച

വിജ്ഞാപനം നമ്പർ 13/6/2009-INF പ്രകാരമുള്ള പ്രവർത്തനങ്ങളാണ്. കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽ ഉൾപ്പെടുന്ന മണിമല വില്ലേജിലെ ബ്ലോക്ക് 19, 21 എരുമേലി സൗത്ത് വില്ലേജിലെ ബ്ലോക്ക് 22, 23 ൽ ആയി വരുന്ന സ്ഥലമാണ് നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കപ്പെടുന്നത്. ഇത് അടിസ്ഥാന പദ്ധതികളുടെ പൊതു ആവശ്യത്തിന്റെ പരിധിയിൽ വരുന്നതാണ്.

### 2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽ ഉൾപ്പെടുന്ന മണിമല വില്ലേജിലെ ബ്ലോക്ക് 19, 21 എരുമേലി സൗത്ത് വില്ലേജിലെ ബ്ലോക്ക് 22, 23 ൽ ആയി വരുന്ന സ്ഥലമാണ് നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കപ്പെടുന്നത്. ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള പദ്ധതിക്കായി ഏകദേശം 1039.876 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടി വരുന്നത്. പദ്ധതിക്കാവശ്യമായ ഭൂമി മാത്രമാണ് ഏറ്റെടുക്കലിനായി പദ്ധതി പ്രദേശത്ത് മാർക്ക് ചെയ്തിരിക്കുന്നതെന്ന് പദ്ധതി പ്രദേശം സന്ദർശിച്ച് നിരീക്ഷിച്ചതിൽ നിന്നും മനസ്സിലാക്കുവാൻ സാധിച്ചു. ഏകദേശം 3500 കോടി രൂപയാണ് പദ്ധതിക്കായി ചിലവ് പ്രതീക്ഷിക്കുന്നത്.

### 2.4. ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

ഭൂമിയുടെ വിസ്തീർണ്ണം, തിരുവനന്തപുരം, കൊച്ചി, തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുമുള്ള ദൂരം, ശബരിമലയിലേക്കുള്ള ദൂരം, സ്ഥലത്തിന്റെ ഭൂപ്രകൃതി, ഗതാഗതസൗകര്യം, റിസർവ്വ് വനത്തിന്റെ സാന്നിദ്ധ്യം മറ്റു വികസന സാദ്ധ്യതകൾ എന്നീ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി ആറ് സ്ഥലങ്ങളിൽ നിന്നും ചെറുവള്ളി എസ്റ്റേറ്റ് എന്നറിയപ്പെടുന്ന ഹാരിസൺ മലയാളം പ്ലാന്റേഷൻ പദ്ധതിക്കായി തെരഞ്ഞെടുത്തു. കൂടുതൽ വിവരങ്ങൾ 1.4 ൽ കൊടുത്തിരിക്കുന്നു.

### 2.5. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളത്തിന്റെ നിർമ്മാണത്തിന് കോട്ടയം ജില്ലയിലെ എരുമേലി സൗത്ത്, മണിമല വില്ലേജുകളിലായി ഏകദേശം 1039.876 ഹെക്ടർ (2570 ഏക്കർ) ഭൂമിയാണ് ഏറ്റെടുക്കപ്പെടുന്നത്.

### 2.6 അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത

വിമാനത്താവളത്തോട് ചേർന്ന് അപ്രോച്ച് റോഡ്, സർവീസ് റോഡ് ആവശ്യം ഉണ്ട്. അതുപോലെ കലുങ്കുകൾ, ഓവ് ചാലുകൾ എന്നിവയും ആവശ്യമുണ്ട്.

### 2.7 മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ/ സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

ഈ പദ്ധതിയുമായി ബന്ധപ്പെട്ട് സെൻറർ ഫോർ മാനേജ്മെൻറ് ഡെവലപ്പ്മെന്റെ (സിഎംഡി), തിരുവനന്തപുരം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം 2023 നടത്തിട്ടുണ്ട്.

പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ പഠനം കെഎസ്ഐഡിസി നടത്തിയിട്ടുണ്ട്, എന്നാൽ ചില സാങ്കേതിക കാരണത്താൽ പബ്ലിക് ഹിയറിങ് നടക്കാതെ പോയി.

പദ്ധതിയുമായി ബന്ധപ്പെട്ട് കെഎസ്ഐഡിസി സാങ്കേതിക-സാമ്പത്തിക സാധ്യത പഠനം, മണ്ണ് പരിശോധന എന്നിവ നടത്തിട്ടുണ്ട്.

## 2.8 ബാധകമായ നിയമങ്ങളും നയങ്ങളും

ഭൂമി ഏറ്റെടുക്കൽ, പുനരധിവാസം, പുനഃസ്ഥാപനം എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങൾ ചുവടെ ചേർക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013.
- കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015.
- കേരള സർക്കാർ റവന്യൂ (ബി) വകുപ്പിന്റെ 29/12/2017 തീയതിയിലെ G.O(Ms)No.448/2017/RD ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനഃസ്ഥാപന പാക്കേജ് തീരുമാനിക്കുന്നതിനുള്ള പോളിസി.

# അദ്ധ്യായം 3

# പഠന സംഘം, പഠന സമീപനം, പദ്ധതി ശാസ്ത്രം

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (2013 ലെ കേന്ദ്ര ആക്ട്, 30) 4-ാം വകുപ്പ് 1-ാം ഉപവകുപ്പ്, സമുചിത സർക്കാർ പൊതു ആവശ്യത്തിനായി ഭൂമി ഏറ്റെടുക്കാൻ ഉദ്ദേശിക്കുമ്പോഴെല്ലാം ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് സാമൂഹ്യ പ്രത്യാഘാത (എസ്.ഐ.എ) വിലയിരുത്തൽ പഠനം നടത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. അപ്രകാരം കാഞ്ഞിരപ്പള്ളി താലൂക്കിലെ എരുമേലി സൗത്ത്, മണിമല വില്ലേജുകളിലായി നിർമ്മിക്കുന്ന ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിന്റെ സാമൂഹ്യ പ്രത്യാഘാത നിർണ്ണയ പഠന റിപ്പോർട്ടും സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതിയും തയ്യാറാക്കുന്നതിന് വേണ്ടിയുള്ള എസ്.ഐ.എ യൂണിറ്റായി ഭാരത മാത സ്കൂൾ ഓഫ് സോഷ്യൽ വർക്ക്, ഭാരത മാത കോളേജ് തൃക്കാക്കരയെ ചുമതലപ്പെടുത്തിയിരിക്കുന്നു. (10.09.2024 പ്രസിദ്ധീകരിച്ചിട്ടുള്ള കേരള ഗസറ്റ് റവന്യൂ ബി, വാല്യം 13, G.O.(P)No. 204/2024/RD മേലുള്ള സാമൂഹ്യ പ്രത്യാഘാത പഠനമാണ് നടന്നുകൊണ്ടിരിക്കുന്നത്.

### 3.1 പഠന സംഘത്തെക്കുറിച്ചുള്ള വിവരങ്ങൾ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനായി ഈ മേഖലയിലും സമാന മേഖലകളിലും പ്രത്യേകിച്ച് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ പരിചയമുള്ളവരേയും മതിയായ യോഗ്യത ഉള്ളവരേയും പഠന സംഘത്തിൽ ഉൾപ്പെടുത്തി. അവർക്കു നിശ്ചിത ഉത്തരവാദിത്തങ്ങളും കർത്തവ്യങ്ങളും നൽകി. പഠന സംഘത്തിന്റെ വിശദാംശങ്ങൾ താഴെയുള്ള പട്ടികയിൽ കാണിച്ചിരിക്കുന്നു.

**പട്ടിക 3.1.സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം**

| ക്രമ നമ്പർ | പേര് | വിദ്യാഭ്യാസയോഗ്യത, പദവി |
|---|---|---|
| 1. | ഡോ. ഷീന രാജൻ ഫിലിപ്പ് | എം.എസ്.ഡബ്ല്യൂ. പി.എച്ച്.ഡി, ചെയർപേഴ്സൺ, എസ്.ഐ.എ യൂണിറ്റ് |
| 2. | ഡോ. എൽസ മേരി ജേക്കബ് | എം.എസ്.ഡബ്ല്യൂ, പി.എച്ച്.ഡി, റിസർച്ച് അസ്സോസിയേറ്റ് |

| | | |
|---|---|---|
| 3. | ഡോ. എൽ ആര്യ ചന്ദ്രൻ | എം.എസ്.ഡബ്ല്യൂ, പി.എച്ച്.ഡി, പ്രോജക്റ്റ് ഓഫീസർ |
| 4. | ശ്രീമതി. പ്രിൻസി ജേക്കബ് | എം.എസ്.ഡബ്ല്യൂ, പ്രോജക്റ്റ് കൺസൽട്ടൻറ് |
| 5. | ശ്രീ. അലി അൻസിഫ് കെ എം | എം.എസ്.ഡബ്ല്യൂ, പ്രോജക്റ്റ് കോർഡിനേറ്റർ |
| 6. | കുമാരി. അജിത പി പി | എം.എസ്.ഡബ്ല്യൂ, പ്രോജക്റ്റ് അസിസ്റ്റൻറ്റ് |
| 7. | ശ്രീമതി. ഡെൽറ്റി ജോസഫ് | എം.എസ്.ഡബ്ല്യൂ, ഡോക്യുമെൻറേഷൻ ആന്റ് കമമ്യൂണിക്കേഷൻ ഇൻചാർജ് |
| 8. | ശ്രീ. ജോഷി മേരി വർഗീസ് | എം.എസ്.ഡബ്ല്യൂ, അഡ്വവേഴ്സറി കമ്മിറ്റി മെമ്പർ |
| 9. | ശ്രീ. ടോണി എം ടോം | എം.എസ്.ഡബ്ല്യൂ, അഡ്വവേഴ്സറി കമ്മിറ്റി മെമ്പർ |
| 10. | ശ്രീ. സൂരജ് എം വി | എം.എസ്.ഡബ്ല്യൂ, അഡ്വവേഴ്സറി കമ്മിറ്റി മെമ്പർ |
| 11. | കുമാരി. ആൻ മേരി ജോസഫ് | എം.എസ്.ഡബ്ല്യൂ, അഡ്വവേഴ്സറി കമ്മിറ്റി മെമ്പർ |
| 12. | ശ്രീ. വിജയഗോഷ് | എം.എസ്.ഡബ്ല്യൂ, അഡ്വവേഴ്സറി കമ്മിറ്റി മെമ്പർ |
| 13. | കുമാരി. ദേവിക സുധാകരൻ എ | എം.എസ്.ഡബ്ല്യൂ, ഫീൽഡ് ഇൻവെസ്റ്റിഗേറ്റർസ് |
| 14. | കുമാരി. ശിൽപ എം. എസ് | എം.എസ്.ഡബ്ല്യൂ, ഫീൽഡ് ഇൻവെസ്റ്റിഗേറ്റർസ് |
| 15. | ശ്രീ. ശ്രീകുട്ടൻ കെ പി | എം.എസ്.ഡബ്ല്യൂ, ഫീൽഡ് ഇൻവെസ്റ്റിഗേറ്റർസ് |
| 16. | ശ്രീ. സൽമാനുൽ ഫാരിസ് ഇ. പി | എം.എസ്.ഡബ്ല്യൂ, ഫീൽഡ് ഇൻവെസ്റ്റിഗേറ്റർസ് |

| | | |
|---|---|---|
| 17. | കുമാരി. ഹനീന സി | എം.എസ്.ഡബ്ല്യൂ, ഫീൽഡ് ഇൻവെസ്റ്റിഗേറ്റർസ് |
| 18. | കുമാരി. അനിറ്റ ജോർജ്ജ് | എം.എസ്.ഡബ്ല്യൂ, ഫീൽഡ് ഇൻവെസ്റ്റിഗേറ്റർസ് |
| 19. | ശ്രീ. ബിപിൻ ബാലകൃഷ്ണൻ | എം.എസ്.ഡബ്ല്യൂ, ഫീൽഡ് ഇൻവെസ്റ്റിഗേറ്റർസ് |
| 20. | കുമാരി. ആമി എർമിൻ | ഫീൽഡ് ഇൻവെസ്റ്റിഗേറ്റർസ് |
| 21. | കുമാരി. അനുപ്രിയ ആർ | എം.എസ്.ഡബ്ല്യൂ, ഫീൽഡ് ഇൻവെസ്റ്റിഗേറ്റർസ് |
| 22. | കുമാരി. പാർവതി എസ് | എം.എസ്.ഡബ്ല്യൂ, ഫീൽഡ് ഇൻവെസ്റ്റിഗേറ്റർസ് |
| 23. | ശ്രീ. അൽ. അമീൻ കെ വൈ | എം.എസ്.ഡബ്ല്യൂ, ഫീൽഡ് ഇൻവെസ്റ്റിഗേറ്റർസ് |
| 24. | കുമാരി. ജെസ്സില മോൾ. എൻ | എം.എസ്.ഡബ്ല്യൂ, ഫീൽഡ് ഇൻവെസ്റ്റിഗേറ്റർസ് |
| 25. | കുമാരി. ശ്രീലക്ഷ്മി സി റ്റി | ബി.എസ്.ഡബ്ല്യൂ, ഫീൽഡ് സ്റ്റാഫ് |
| 26. | കുമാരി. ഹിബ എം | ബി.എസ്.ഡബ്ല്യൂ, ഫീൽഡ് സ്റ്റാഫ് |

### 3.2 പഠനത്തിനുപയോഗിച്ച പദ്ധതി ശാസ്ത്രം, സാങ്കേതിക രീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിന്റെ യുക്തിയും, പഠനത്തിനു വേണ്ട വിവര ശേഖരണം നടത്തിയ രീതിയും

പഠന സംഘം പദ്ധതി ബാധിത പ്രദേശം സന്ദർശിക്കുകയും ഭൂമി ഏറ്റെടുക്കലിനായി കുറ്റികളുടെ സ്ഥാപിച്ചിരിക്കുന്നതിന്റെ വിന്യാസ പ്രകാരം പദ്ധതി ബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തയ്യാറാക്കി. വിവര ശേഖരണത്തിന്റെ ഭാഗമായി പദ്ധതി ബാധിത ജനങ്ങളുടെ ഇടയിൽ സാമൂഹ്യ-സാമ്പത്തിക സർവ്വേ നടത്തുകയും ചെയ്തു. പദ്ധതിയെ കുറിച്ച് പദ്ധതി പ്രദേശത്തെ ജനപ്രതിനിധികളുമായി ചർച്ച ചെയ്തു. നിർദ്ദിഷ്ട പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ അധികാരി സ്പെഷ്യൽ തഹസിൽദാർ,(എൽ എ ജനറൽ ) കോട്ടയം ആണ്, ഇവിടെ നിന്നുമാണ് ഭൂമി സംബന്ധമായ വിവരങ്ങൾ ലഭിച്ചത്. പദ്ധതി സംബന്ധമായ വിവരങ്ങൾ നൽകിയത് കെ എസ് ഐ ഡി സി ആണ്. ഇങ്ങനെ വിവിധ രീതിയിലൂടെ ശേഖരിച്ച പ്രാഥമിക ദ്വിതീയ വിവരങ്ങൾ ശാസ്ത്രീയമായി

വിശകലനം ചെയ്താണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ കരട് രേഖ തയ്യാറാക്കിയിരിക്കുന്നത്.

### 3.3 പഠനത്തിനുപയോഗിച്ച മാതൃകാ പരിശോധനാ രീതി

പദ്ധതി ഓരോ കുടുംബത്തേയും വ്യത്യസ്ത രീതിയിൽ ബാധിക്കുന്നതിനാൽ സെൻസസ് രീതിയിലുള്ള വിവരശേഖരണമാണ് പഠനത്തിനായി സ്വീകരിച്ചത്. ആയതിനാൽ പദ്ധതി പ്രദേശത്ത് ലഭ്യമായ പദ്ധതി ബാധിതമാകുന്ന മുഴുവൻ കുടുംബങ്ങളേയും വിവരശേഖരണത്തിൽ ഉൾപ്പെടുത്തി. ഈ പഠനവുമായി സഹകരിക്കാത്തവരുടെ വിവരങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതി പ്രദേശത്തെ ജനപ്രതിനിധികളുമായും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും അഭിമുഖം നടത്തുകയും ചെയ്തു.

### 3.4 വിവരസ്രോതസ്സുകളുടെയും വിവരങ്ങളുടെയും വിശകലനം

പ്രാഥമിക വിവരങ്ങളേയും ദ്വിതീയ വിവരങ്ങളേയും ആശ്രയിച്ചാണ് പഠന സംഘം വിവര ശേഖരണം നടത്തിയത്. പദ്ധതിയുടെ പ്രത്യക്ഷ ആഘാത ബാധിത ഭൂവുടമകളിൽനിന്നും ശേഖരിച്ച വിവരങ്ങളാണ് പ്രാഥമിക ഉറവിടങ്ങൾ. നിർദ്ദിഷ്ട പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ അധികാരി സ്പെഷ്യൽ തഹസിൽദാർ, എൽ എ കോട്ടയം ആണ്, ഇവിടെ നിന്നുമാണ് ഭൂമി സംബന്ധമായ വിവരങ്ങൾ ലഭിച്ചത്. പദ്ധതി സംബന്ധമായ വിവരങ്ങൾ നൽകിയത് കെ എസ് ഐ ഡി സി ആണ്, ഇതാണ് ദ്വിതീയ ഉറവിടങ്ങൾ.

### 3.5 തൽപ്പരകക്ഷികളുമായുള്ള കൂടിക്കാഴ്ച്ചയും പബ്ലിക് ഹിയറിംഗിനെനെക്കുറിച്ചുള്ള വിവരണവും

**പട്ടിക 3.2 സാമൂഹ്യ പ്രത്യാഘാത പഠനസംഘം നടത്തിയ വിവിധ പ്രവർത്തനങ്ങൾ**

| തീയതി | പ്രവർത്തനങ്ങൾ |
|---|---|
| 10/09/2024 | ഗസറ്റ് വിജ്ഞാപനം 4(1) |
| 30/09/2024 | പദ്ധതി പ്രദേശം പ്രാഥമിക സന്ദർശനം |
| 09/10/2024 - 04/11/2024 | സാമൂഹ്യ-സാമ്പത്തിക വിവരശേഖരണം, പ്രാദേശിക സ്വയംഭരണ പ്രതിനിധിയുമായി കൂടിക്കാഴ്ച |
| 14/11/2024 | പബ്ലിക് ഹിയറിംഗ് സംബന്ധിച്ചുള്ള പത്ര വിജ്ഞാപനം |
| 29/11/2024 & 30/11/2024 | പബ്ലിക് ഹിയറിംഗ് |

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് 2013, 5-ാം വകുപ്പ് പ്രകാരം പദ്ധതി ബാധിത പ്രദേശത്ത് ഒരു പൊതു ഹിയറിംഗ് നടത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഈ വ്യവസ്ഥയ്ക്ക് അനുസൃതമായി ഭൂമി ഏറ്റെടുക്കൽ, പുനരധിവാസം, പുനഃസ്ഥാപന നിയമങ്ങൾ, ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും വേണ്ടിയുള്ള കേരള ചട്ടങ്ങൾ 2015, സെക്ഷൻ 14 പ്രകാരം വ്യക്തമാക്കിയ പൊതു ഹിയറിംഗിന്റെ വിശദമായ നടപടിക്രമങ്ങൾക്കനുസൃതമായി, 2024 നവംമ്പർ 29 ന് രാവിലെ 10 മണിക്ക് എരുമേലി അസ്സംപ്ഷൻ ഫൊറോന ചർച്ച് പാരീഷ് ഹാളിലും, 30 ന് രാവിലെ 10-മണിക്ക് മണിമല കമ്യൂണിറ്റി ഹാൾ, മുക്കടയിലും വച്ച് പദ്ധതി ബാധിത കുടുംബങ്ങൾക്ക് വേണ്ടി പബ്ലിക് ഹിയറിംഗ് നടത്തുന്നതാണ്. പ്രസ്തുത പബ്ലിക് ഹിയറിംഗ് സംബന്ധിച്ച പത്ര വിജ്ഞാപനത്തിലൂടെയും, നോട്ടീസിലൂടെയും, ജനപ്രതിനിധികൾ വഴിയും അറിയിപ്പ് നൽകുകയും ചെയ്തു.

# അദ്ധ്യായം 4
# സ്ഥലത്തിന്റെ മൂല്യനിർണ്ണയം

## 4.1. ഭൂപടത്തിന്റെയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതി പ്രദേശത്തിന്റെ വിവരണം

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽ ഉൾപ്പെടുന്ന മണിമല വില്ലേജിലെ ബ്ലോക്ക് 19, 21 എരുമേലി സൗത്ത് വില്ലേജിലെ ബ്ലോക്ക് 22, 23 ൽ ഉൾപ്പെടുന്ന ഭൂമിയാണ് നിർദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കപ്പെടുന്നത്.

<u>ചിത്രം 4.1 നിർദ്ദിഷ്ട പദ്ധതി പ്രദേശം</u>





**4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം**

പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ പദ്ധതി ബാധിതമാകുന്ന ഭൂവുടമകൾക്കും പദ്ധതി പ്രദേശത്തെ ആശ്രയിച്ച് ജീവിക്കുന്ന കുടുംബങ്ങൾക്കും ഭൂമി നഷ്ടപ്പെടൽ, വാസയോഗ്യമായ വീട് നഷ്ടപ്പെടൽ, ഫല വൃക്ഷങ്ങളിൽ നിന്നുള്ള വരുമാനം നഷ്ടപ്പെടൽ തുടങ്ങിയ വിപരീത പ്രത്യാഘാതങ്ങൾ ഉണ്ടാകുവാനിടയുണ്ടെന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ നിന്നും മനസ്സിലാകുന്നു. ഭൂമി ഏറ്റെടുക്കുന്നതിനായി പദ്ധതി പ്രദേശത്ത് സ്ഥാപിച്ചിരിക്കുന്ന കുറ്റികളുടെ വിന്യാസ പ്രകാരവും, പ്രദേശത്തുനിന്ന് ലഭിച്ച വിവരങ്ങൾ പ്രകാരവും കോട്ടയം ജില്ല കാഞ്ഞിരപ്പള്ളി താലൂക്ക് എരുമേലി സൗത്ത് വില്ലേജിലെ ബ്ലോക്ക്-22, 23, മണിമല വില്ലേജിലെ ബ്ലോക്ക്-19, 21 എന്നിവയിൽ ഉൾപ്പെടുന്നു. ഈ പദ്ധതിക്കായി ഏകദേശം 1039.876 ഹെക്ടർ (2570 ഏക്കർ) ഭൂമിയാണ് ഏറ്റെടുക്കേണ്ടി വരുന്നത്. ഏറ്റെടുക്കുന്ന ഭൂമി പുരയിടം, നിലം വിഭാഗത്തിൽപ്പെടുന്നു. നിലവിലെ അലൈൻമെന്റ് പ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ താഴെ നൽകിയിരിക്കുന്നു.

- ❖ കാഞ്ഞിരപ്പള്ളി താലൂക്കിൽപ്പെട്ട എരുമേലി സൗത്ത്, മണിമല വില്ലേജുകളിൽ ഉൾപ്പെടുന്ന 234 ഭൂഉടമകളുടെ ഭൂമിയും എസ്റ്റേറ്റ് ഭൂമിയുമാണ് നഷ്ടപ്പെടുന്നത്.
- ❖ പദ്ധതിയുടെ ഭാഗമായി 326 കുടുംബങ്ങൾ നിലവിലുള്ള ഭൂമിയിൽ നിന്ന് മാറി താമസിക്കേണ്ടി വരുന്നു.
- ❖ കൂടാതെ ചെറുവള്ളി എസ്റ്റേറ്റുമായി ബന്ധപ്പെട്ട് തൊഴിൽ ചെയ്യുകയും ഇതേ എസ്റ്റേറ്റിൽ സ്ഥിരമായി താമസിക്കുകയും ചെയ്യുന്ന ഏകദേശം 234 കുടുംബങ്ങൾക്ക് താമസവും ജീവിതമാർഗവും നഷ്ടപ്പെടുന്നു.

- പദ്ധതി 327 കുടുംബങ്ങളുടെ മുഖ്യ ഉപജീവനമാർഗ്ഗത്തെ നേരിട്ട് ബാധിക്കുന്നു.
- ഭൂമി ഏറ്റെടുക്കുന്നതിലൂടെ 363 ആളുകളുടെ വരുമാനത്തെ ബാധിക്കും.
- പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുമ്പോൾ ഒരു വീട് മാത്രം ഒറ്റപ്പെട്ടു പോകും
- സെൻറ് തോമസ് എക്യുമിനിക്കൽ ചർച്ച്, ഹിദായത്തുൽ ഇസ്ലാം ജുമാ മസ്ജിദ്, ശ്രീ അമ്മൻ കോവിൽ, ശ്രീ പൂവൻപാലമല ക്ഷേത്രം, സെൻറ് ഗ്രിഗോറിയസ് കുരിശു പള്ളി, സെൻറ് ജോസഫ് ചർച്ച് കാരിത്തോട്, പഞ്ചതീർത്ഥ പരാശക്തി ദേവസ്ഥാനം (അഞ്ചുകുഴി), തുടങ്ങി 7 ആരാധനാലയങ്ങൾ നഷ്ടമാകുന്നു.
- എസ്റ്റേറ്റിനുള്ളിൽ ജനിച്ചു വളർന്ന തോഴിലാളികൾക്ക് പുതിയ ഒരു ജോലി കണ്ടു പിടിക്കാനും എസ്റ്റേറ്റിൽ മാത്രം ജീവിക്കുന്ന ഇവർക്ക് പുറമെയുള്ള പുതിയ സംസ്കാരവും ആളുകളുമായും ഇടകലരാൻ ബുദ്ധിമുട്ടുണ്ടാകും.
- കാലങ്ങളായി കൈമാറിവന്നിരുന്ന എസ്റ്റേറ്റിലെ സ്ഥിര ജോലി തൊഴിലാളികൾക്ക് നഷ്ടമാകും.
- എസ്റ്റേറ്റിനുള്ളിലൂടെ വഴി ഉണ്ടായിരുന്ന രണ്ടു കുടുംബങ്ങളുടെ വഴി നഷ്ടമാകും.
- ബി സി ചെറുവള്ളി എസ്റ്റേറ്റിനുള്ളിലെ ഒരു ആശുപത്രി, ഒരു കാൻറ്റീൻ, ഒരു ലേബർ ഓഫീസ്, ഒരു റേഷൻ കട എന്നിവ പൊളിച്ചു മാറ്റേണ്ടി വരുന്നു.
- പ്രവർത്തന രഹിതമായ ബി സി ചെറുവള്ളി എസ്റ്റേറ്റിനുള്ളിലെ ബാലവാടി, ഐസോലേഷൻ കെട്ടിടം നഷ്ടമാകുന്നു
- ഭൂമി ഏറ്റെടുക്കുന്നതിലൂടെ പ്രദേശത്തെ 2 സ്കൂളുകൾ, പ്രവർത്തന രഹിതമായ എസ്റ്റേറ്റിന് ഉള്ളിലെ ഒരു സ്ക്കൂളും, എസ്റ്റേറ്റിന് പുറത്തായി നോയൽ മെമ്മോറിയൽ എൽ പി സ്ക്കൂളും ആണ് നഷ്ടമാകുന്നത്.
- കിണർ, കുഴൽ കിണർ, ചുറ്റുമതിൽ, മെഷീൻ ഷർട്ട് തുടങ്ങിയവയും നഷ്ടമാകുന്നു.
- തോട്, അരുവി തുടങ്ങിയ ജലാശയങ്ങളും മറ്റ് പ്രകൃതി വിഭവങ്ങളും പദ്ധതി പ്രദേശത്തിൽ ഉൾപ്പെടുന്നു.
- സമീപ പ്രദേശങ്ങളിൽ ഉരുൾ പൊട്ടൽ മറ്റും റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ മലനിരകളും കുന്നുകളും ഇടിച്ചുനിരത്തുന്നത് മൂലം ഭാവിയിൽ പ്രകൃതി ക്ഷോഭ സാധ്യത ഉണ്ടായേക്കാവുന്നതാണ്.
- മണിമല പുഴയിലേക്ക് എത്തിച്ചേരുന്ന ധാരാളം നീരുറവകളും ചെറിയ കൈത്തോടുകളും പദ്ധതി പ്രദേശത്ത് ഉൾപ്പെട്ടിട്ടുണ്ട്, ഇവ നഷ്ടപ്പെടുന്നത് പ്രധാന ജല സ്രോതസ്സായ മണിമല ആറിന്റെ സ്വാഭാവിക നീരൊഴിക്കിനെ നഷ്ടമാക്കും.

- ഇത് മണിമലയാറിനെ ആശ്രയിച്ച് കഴിയുന്ന ഒരുപാട് ജനങ്ങൾക്ക് കുടിവെള്ള പ്രശ്നം ഉണ്ടാകും. അതുപോലെ തന്നെ ആറ്റിലെ വെള്ളം ആശ്രയിച്ച് കൃഷി ഇറക്കിയ ആളുകളെയും ബാധിക്കും.
- ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി റബ്ബർ, തെങ്ങ്, ഏലം, കുരുമുളക്, കൊക്കോ, കാപ്പി തുടങ്ങിയ നാണ്യവിളകളും മാവ്, പ്ലാവ് തുടങ്ങിയ ഫലവൃക്ഷങ്ങളും ധാരാളം വെട്ടി മാറ്റേണ്ടതായി വരുന്നു. അതുപോലെ ഓമ, ആഞ്ഞിലി, തേക്ക് തുടങ്ങിയ മരങ്ങളും, തോട്ട വിളയായ കൈതച്ചക്ക, വാഴ, മരച്ചീനി, കാച്ചിൽ ചേമ്പ്, ചേന, ഇഞ്ചി, പുളി മരം തുടങ്ങിയ ഇടക്കാല വരുമാന മാർഗങ്ങളും നഷ്ടമാകുന്നു.

<u>**മരങ്ങൾ/ഫലദായക വൃക്ഷങ്ങളുടെ വിവരങ്ങൾ**</u>

| മരങ്ങൾ/ഫലദായക വൃക്ഷങ്ങൾ | എണ്ണം |
|---|---|
| വാഴ | 1286 |
| പ്ലാവ് | 1001 |
| ആഞ്ഞിലി | 1943 |
| പപ്പായ | 236 |
| ജാതി | 322 |
| കൊക്കോ | 594 |
| തേക്ക് | 2392 |
| പേര | 22 |
| തെങ്ങ് | 910 |
| മാവ് | 174 |
| മരച്ചീനി | 2426 |
| കുരുമുളക് | 1620 |
| ഇഞ്ചി | 1 |
| റംബൂട്ടാൻ | 169 |
| റബ്ബർ | 17736 |
| കാപ്പി | 5155 |
| പുളി | 44 |
| കാച്ചിൽ | 20 |
| മഞ്ഞൾ | 5 |
| ചേമ്പ് | 220 |

| | |
|---|---|
| മാഗോസ്റ്റിൻ | 14 |
| ചിക്കു | 1 |
| മഹാഗണി | 533 |
| നെല്ലി | 16 |
| മുള | 7 |
| അടയ്ക്ക മരം | 76 |
| അത്തി | 1 |
| സപ്പോട്ട | 3 |
| കവുങ്ങ് | 2205 |
| ഓറഞ്ച് | 1 |
| മുല്ല തൈ | 4 |
| കറുകപ്പട്ട | 5 |
| ആത്ത | 20 |
| കൈതച്ചക്ക | 90 ഹെക്ടർ |
| നാരകം | 5 |
| പഞ്ചസാര മരം | 1 |
| മൾബെറി | 3 |
| വാനില | 105 |
| അശോകമരം | 2 |
| വെറ്റില | 115 |
| കൊന്ന | 4 |
| റൂബിക്ക | 1 |
| സീതപ്പഴം | 4 |
| ഞാവൽ മരം | 3 |
| കാഞ്ഞിരം | 2 |
| വെണ്ണിലാവ് | 1 |
| വാക | 15 |
| ചാമ്പ | 8 |

| | |
|---|---|
| കറിവേപ്പ് | 25 |
| അമ്പഴം | 1 |
| പന | 9 |
| പാല | 1 |
| ഈട്ടി | 2 |
| മുരിങ്ങ | 13 |
| കശുമാവ് | 19 |
| ഡ്രാഗൺ ഫ്രൂട്ട് | 1 |
| വഴുതനങ്ങ | 6 |
| ചേന | 35 |
| ഊദു | 1 |
| ഏലം | 1 |
| ഓമ | 26 |
| കബീസിയ | 1 |
| ചന്ദനം | 5 |
| എലവ് | 1 |
| കണികൊന്ന | 1 |
| കടച്ചക്ക | 2 |
| മരുത് | 7 |
| ചെമ്പകം | 1 |
| മറ്റുള്ള പാഴ് മരങ്ങൾ, ചെടികൾ | 2110 |

### 4.3 പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

നിർദ്ദിഷ്ട പദ്ധതിക്കുവേണ്ടി മണിമല, എരുമേലി സൗത്ത് വില്ലേജുകളിൽ നിന്നുമായി ഏകദേശം 1039.876 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടി വരുന്നത്.

### 4.4. പദ്ധതി ബാധിത പ്രദേശത്ത് മുന്നേ വില കൊടുത്തുവാങ്ങിയിരിക്കുന്നതോ പാട്ടത്തിനെടുത്തിരിക്കുന്നതോ ആയ ഭൂമി, ഏറ്റെടുക്കുന്ന ഭൂമിയുടെ ഓരോ ഭൂഭാഗത്തിന്റെയും പദ്ധതിപ്രകാരമുള്ള ഉപയോഗം

നിർദ്ദിഷ്ട പ്രദേശത്ത് പദ്ധതിയ്ക്കുവേണ്ടി മുന്നേ സ്ഥലങ്ങൾ വാങ്ങുകയോ ഏറ്റെടുക്കുകയോ, പാട്ടത്തിത്തിനെടുക്കുകയോ ചെയ്തിട്ടില്ല.

## 4.5. ഏറ്റെടുക്കുന്ന സ്ഥലത്തിന്‌റെ അളവും പ്രദേശവും

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽ ഉൾപ്പെടുന്ന മണിമല വില്ലേജിന്‌റെയും, എരുമേലി സൗത്ത് വില്ലേജിന്‌റെയും പരിധിയിൽ വരുന്നതാണ് പദ്ധതി പ്രദേശം. ഈ പദ്ധതിക്കായി ഏകദേശം 1039.876 ഹെക്ടർ (2570 ഏക്കർ) ഭൂമിയാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. ടി ഭൂമി "പുരയിടം", “നിലം", “പുറമ്പോക്ക്” വിഭാഗത്തിൽ ഉൾപ്പെടുന്നു.

## 4.6. ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷി ഭൂമിയുണ്ടെങ്കിൽ ജലസേചനത്തെക്കുറിച്ചും വിളകളെക്കുറിച്ചുമുള്ള വിവരണം

പദ്ധതിക്കായി നിർദ്ദേശിച്ചിരിക്കുന്ന ഭൂമിയിൽ 358 സർവ്വേ നമ്പറുകളിലുള്ള ഭൂമി "പുരയിടം” വിഭാഗത്തിലും, 105 സർവ്വേ നമ്പറുകളിലുള്ള ഭൂമി “നിലം” വിഭാഗത്തിലും 38 സർവ്വേ നമ്പറുകളിലുള്ള “പുറമ്പോക്ക്” വിഭാഗത്തിലും ഉൾപ്പെടുന്നു. കോട്ടയം ജില്ല കാഞ്ഞിരപ്പള്ളി താലൂക്ക് എരുമേലി സൗത്ത് വില്ലേജിലെ ബ്ലോക്ക്-22, 23, മണിമല വില്ലേജിലെ ബ്ലോക്ക്-19, 21 ഭൂമിയും ആണ് പദ്ധതി ബാധിതമാകുന്നത്. നിലവിൽ തോട്ടവിള കൃഷിയും അതുപോലെ തന്നെ ജലസരോധസ്സുകളായ പുഴയും ചെറിയ കൈത്തോടുകളും ഉൾപ്പെടുന്നു.

## 4.7 കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിന്‌റെ കിടപ്പ്,അവിടെ താമസിക്കുന്നവരുടെ എണ്ണം

പദ്ധതി പ്രദേശത്ത് ലഭ്യമായ ഭൂവുടമകളിൽ നിന്നും ലഭിച്ച വിവരങ്ങൾ പ്രകാരം അവിടെ എറ്റെടുക്കാനുദ്ദേശിക്കുന്ന ഭൂമി ഭൂരിഭാഗവും സ്വകാര്യ ഉടമസ്ഥതയിൽ ഉൾപ്പെടുന്നുവെന്ന് മനസ്സിലാക്കുന്നു. ഭൂമിയിൽ 358 സർവ്വേ നമ്പറുകളിലുള്ള ഭൂമി "പുരയിടം” വിഭാഗത്തിലും, 105 സർവ്വേ നമ്പറുകളിലുള്ള ഭൂമി “നിലം” വിഭാഗത്തിലും 38 സർവ്വേ നമ്പറുകളിലുള്ള “പുറമ്പോക്ക്” വിഭാഗത്തിലും ഉൾപ്പെടുന്നു. ഇതിൽ 12 സർവ്വേ നമ്പറുകളിൽ ഉൾപ്പെടുന്ന തോടുകളും, 26 സർവേ നമ്പറുകളിൽ ഉൾപ്പെടുന്ന റോഡും പദ്ധതിയുടെ ആഘാത ബാധിത പ്രദേശത്ത് ഉൾപ്പെടുന്നതാണ്.

## 4.8 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമികൈമാറ്റവും, വിലയും, ഉപയോഗവും

വിവരദാതാക്കളിൽ നിന്നു ലഭിച്ച വിവരങ്ങൾ പ്രകാരം കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ പദ്ധതി പ്രദേശത്തെ ഭൂരിഭാഗ സ്ഥലവും പാരമ്പര്യമായി കൈമാറി വന്നിട്ടുള്ളതാണ്. ടി വിവരം അനുസരിച്ച് 2 വ്യക്തികൾ മാത്രമേ കഴിഞ്ഞ 3 വർഷക്കാലത്ത് പദ്ധതി പ്രദേശത്ത് ഭൂമി വാങ്ങിയിട്ടുള്ളൂ.

# അദ്ധ്യായം 5

# ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽ ഉൾപ്പെടുന്ന മണിമല വില്ലേജിലെ ബ്ലോക്ക് 19, 21 എരുമേലി സൗത്ത് വില്ലേജിലെ ബ്ലോക്ക് 22, 23 ൽ ഉൾപ്പെടുന്ന ഭൂമിയാണ് നിർദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കപ്പെടുന്നത്. വിവിധ സർവ്വേ നമ്പറുകളിലുള്ള ഭൂമി ഏറ്റെടുക്കുമ്പോൾ പ്രത്യക്ഷമായും പരോക്ഷമായും പ്രത്യാഘാത ബാധിതമാകുന്ന കുടുംബങ്ങളെക്കുറിച്ചുള്ള വിവരങ്ങളാണ് അദ്ധ്യായത്തിൽ വിവരിക്കുന്നത്.

### 5.1 പദ്ധതിയുടെ പ്രത്യാഘാത ബാധിത കുടുംബങ്ങൾ

ഭൂമിയിൽ 358 സർവ്വേ നമ്പറുകളിലുള്ള ഭൂമി "പുരയിടം" വിഭാഗത്തിലും, 105 സർവ്വേ നമ്പറുകളിലുള്ള ഭൂമി "നിലം" വിഭാഗത്തിലും 38 സർവ്വേ നമ്പറുകളിലുള്ള "പുറമ്പോക്ക്" വിഭാഗത്തിലും ഉൾപ്പെടുന്നു. ഇതിൽ 12 സർവേ നമ്പറുകളിൽ ഉൾപ്പെടുന്ന തോടുകളും, 26 സർവേ നമ്പറുകളിൽ ഉൾപ്പെടുന്ന റോഡും പദ്ധതിയുടെ ആഘാത ബാധിത പ്രദേശത്ത് ഉൾപ്പെടുന്നതാണ്. പ്രാഥമിക സർവേ പ്രകാരം പദ്ധതി പ്രദേശത്തെ ഭൂവുടകളിൽ നിന്നും നേരിട്ട് ലഭിച്ച വിവരങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്. ഇതിൽ പഠനവുമായി സഹകരിക്കാത്ത ഭൂവുടമകളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

#### 5.1.1 പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിത കുടുംബങ്ങൾ

**പട്ടിക 5.1 പദ്ധതിയുടെ പ്രത്യക്ഷാഘാത ബാധിതർ**

| ക്രമ നമ്പർ | ഭൂവുടമയുടെ പേര്, വിലാസം | സർവ്വേ നമ്പർ |
|---|---|---|
| 1 | ഇ.വി. വർക്കി, എലവനമുക്കട, കരിക്കാട്ടൂർ സെന്റർ പി.ഒ | 421/3, 421/3-1, 421/6, 421/6-1 |
| 2 | വർഗീസ് കോശി, കിഴക്കേപയ്യനാട് കരിക്കാട്ടൂർ സെന്റർ പി.ഒ | 423/6, 423/7 |
| 3 | തോമസ് പി ജോസഫ്, പെരുമ്പട്ടിക്കാട്, കരിക്കാട്ടൂർ സെന്റർ, മണിമല | 422/1-2 |
| 4 | കൃഷ്ണകുമാർ, കൊച്ചിവീട്ടിൽ, കരിക്കാട്ടൂർ സെന്റർ പി.ഒ. | 413/2-4, 413/2-5 |
| 5 | രവികുമാർ കെ.ബി, കൊച്ചുവീട്ടിൽ കരിക്കാട്ടൂർ സെന്റർ പി.ഒ | 413/2 |

| | | |
|---|---|---|
| 6 | തോമസ് മാത്യു,<br>തറയിലത്ത് വീട്<br>കരിക്കാട്ടൂർ സെന്റർ പി.ഒ | 422/4-2 |
| 7 | ബിനോയ് തോമസ് ടി.ടി & തോമസ് മാത്യു,<br>തറയിലേത്ത്,<br>കരിക്കാട്ടൂർ സെന്റർ പി.ഒ,<br>മണിമല | 422/4-3 |
| 8 | എലിസബത്ത് മാത്യു,<br>വള്ളിപ്ലാക്കൽ,<br>കരിക്കാട്ടൂർ സെന്റർ പിഒ,<br>മണിമല | 192/2-11 |
| 9 | എൻ എസ് പ്രസാദ് & ചിത്ര രാജൻ,<br>നിവാരത്തിൽ,<br>ചാരുവേലി,<br>കരിക്കാട്ടൂർ സെന്റർ പി.ഒ. | 192/2-7, 192/2-8 |
| 10 | എം എം മാത്യു,<br>മായോട്<br>കരിക്കാട്ടൂർ സെന്റർ പി.ഒ<br>മണിമല | 413/3 |
| 11 | അന്നമ്മ മാത്യു,<br>മുല്ലക്കൽ<br>കരിക്കാട്ടൂർ പിഒ, മണിമല | 191/1, 191/2<br>191/3, 191/7 |
| 12 | ഫിലിപ്പ് വർഗീസ്,<br>തടത്തേൽ വീട്,<br>കരിക്കാട്ടൂർ സെന്റർ, മണിമല | 192/2-11-1 |
| 13 | തോമസ് മാത്യു,<br>അച്ചാമ്മ മാത്യു.<br>തറയിലേത്ത്,<br>കരിക്കാട്ടൂർ സെന്റർ (പി.ഒ),<br>മണിമല. | 192/2-5 |
| 14 | കെ.ജെ.ജോസഫ്,<br>കുന്നമ്പള്ളിൽ,<br>കരിക്കാട്ടൂർ സെന്റർ പി .ഒ<br>മണിമല | 422/5, 423/1-2<br>423/1 |
| 15 | കുശാലകുമാരി,<br>കൊച്ചുവീട്ടിൽ<br>കരിക്കാട്ടൂർക്കര, പി.ഒ<br>മണിമല | 413/2 |
| 16 | ശോശാമ്മ ചാക്കോ,<br>ചാക്കോ ജോസഫ്,<br>ത്രേസ്യാമ്മ ജോസഫ്,<br>ഇലവനമുക്കട,<br>കരിക്കാട്ടൂർ സെന്റർ പി.ഒ. | 421/7, 421/7-3 |
| 17 | മനോജ് ഫിലിപ്പ്,<br>പുളിമൂട്ടിൽ വീട്,<br>കരിക്കാട്ടൂർ സെന്റർ(പി.ഒ.) | 423/8-2 |

| | | |
|---|---|---|
| 18 | സജി ജോസഫ്, പെരുമ്പുട്ടിക്കുന്നേൽ കരിക്കാട്ടൂർ | 422/1-1, 422/1<br>191/5, 191/4 |
| 19 | രതീഷ് കുമാർ, തേക്കാനം പൊയ്കയിൽ കരിക്കാട്ടൂർ സെന്ററ് പി.ഒ | 191/8-3 |
| 20 | വത്സല കുമാരി കെ.ബി, കൊച്ചുവീട്ടിൽ കരിക്കാട്ടൂർ സെന്ററ് പി.ഒ | 413/2-2 |
| 21 | മധുസൂദനൻ പിള്ള, കൊച്ചുവീട്ടിൽ, കരിക്കാട്ടൂർ പി.ഒ, മണിമല | 413/2-3 |
| 22 | ഷാജി മാത്യു, മയിലാട്ട് സെന്ററ് | 413/1 |
| 23 | ബിജി ആന്റണി, പെരുമ്പാട്ടി കുന്നേൽ | 421/8 |
| 24 | ഇ. വിശ്വംഭരം, എടത്തറ വീട് | 421/5 |
| 25 | മാത്യു കോശി, കിഴക്കേ പയ്യനാട്ട് | 423/6-1, 423/6-2, 423/7-1 |
| 26 | സജി കുരിയൻ , ഏണാട്ട്മലയിൽ, കരിക്കാട്ടൂർ സെൻററ് പി ഒ . | 192/2-2 |
| 27 | അനു സജി, ഏനാട്ടുമലയിൽ വീട്, കാരക്കാട്ടൂർ സെന്ററ് പി.ഒ | 192/2-1 |
| 28 | സിജി മോൻ സി ടി, മരുപ്പേൽ, കരിക്കാട്ടൂർ സെന്ററ് പി.ഒ | 191/8-1 |
| 29 | എം പി തങ്കപ്പൻ മുരിപ്പേൽ, കരിക്കാട്ടൂർ സെൻററ് പി ഓ. | 191/8 |
| 30 | ലിജുമോൻ സി ടി, മുരിപ്പേൽ, കരിക്കാട്ടൂർ സെൻററ് പി ഓ. | 191/8-2, 423/8-1 |
| 31 | ആശിഷ് കുര്യൻ ചെറിയാൻ, ആഷ്ലി അന്ന മനോജ്, ഏനാട്ടുമലയിൽ വീട്, കരിക്കാട്ടൂർ സെന്ററ് | 423/4-2, 423/5-2 |
| 32 | കുരുവിള ജേക്കബ്, മയിലേട്ട് വീട്, | 192/3, 192/4, 192/4-1, |
| 33 | ജോൺ ടി വർഗീസ്, തോപ്പിൽ വീട് | 40/9-4 |
| 34 | ശ്രീലത, ചേന്നോത്ത് വീട്, എരുമേലി പി.ഒ | 184/4, 184/5 |

| | | |
|---|---|---|
| 35 | ശ്രീജിത്ത് സി.കെ,<br>ചേന്നോത്ത്,<br>എരുമേലി പി.ഒ | 175/1-1, 184/7,<br>175/4, 175/3 |
| 36 | അജാസ് ടി റഷീദ്,<br>തട്ടാപറമ്പിൽ,<br>വെങ്കിരിഞ്ഞി പി.ഒ,<br>എരുമേലി | 184/3-1-1-3 |
| 37 | ജോൺ പി ജോസഫ്,<br>തോപ്പിൽ വീട്, | 13/5-1, 168/5-1,<br>166/3 |
| 38 | മനോജ് മാത്യു | 184/2 |
| 39 | ശ്രീജിത്ത്,<br>ചേന്നത്ത് വീട്,<br>എരുമേലി | 175/6 |
| 40 | മഞ്ജുഷ ശ്രീജിത്ത്,<br>ചേന്നോത്ത് വീട്,<br>എരുമേലി | 174/5-2 |
| 41 | ലീല ജോസഫ്,<br>പാലമറ്റം,<br>കനകപ്പാലം പി.ഒ | 26/1 |
| 42 | തോമസുകുട്ടി ജോയി, വെട്ടിക്കാട്ട്<br>,<br>ഒഴക്കനാട് പി ഒ | 20/1 |
| 43 | ബെന്നി ജോർജ്,<br>മഞ്ജുവാലി വീട്,<br>ഒരുങ്കൽ കടവ്,<br>എരുമേലി | 170/2-2 |
| 44 | രാജേഷ് രാജു,<br>തൊണ്ടിയിൽ വീട്,<br>എരുമേലി പി.ഒ | 184/3-1 |
| 45 | സിജു മോൻ പിഎസ്,<br>പ്ലാമൂട്ടിൽ,<br>കാരിത്തോട് പി ഒ | 38/2-2 |
| 46 | മിനി മോൾ പി.എസ്<br>പ്ലാമൂട്ടിൽ,<br>കാരിത്തോട്,<br>കനകപ്പാലം പി ഒ | 38/2-4 |
| 47 | രാജൻ പി സലിം,<br>പ്ലാമൂട്ടിൽ,<br>കാരിത്തോട്,<br>കനകപ്പാലം പി ഒ | 38/2-4-1 |
| 48 | ടി സി ബാബു (പരേതൻ)<br>തോപ്പിൽ,<br>കനകപ്പാലം പി ഒ | 24/7 |
| 49 | താണിക്കൽ,<br>കനകപ്പാലം പി.ഒ | 26/3 |

| | | |
|---|---|---|
| 50 | മാത്യു പി ജോസഫ്,<br>വെട്ടിക്കാട്ട്,<br>മനയിക്കാട്,<br>കാഞ്ഞിരപ്പള്ളി പി ഒ | 20/2, 20/3,<br>24/3-1, 25/3 |
| 51 | ജോഷി ജെയിംസ്,<br>പുൽപ്പേൽ വീട്,<br>എരുമേലി പി.ഒ | 169/4-1, 169/4<br>169/4-2 |
| 52 | നിതിൻ ജേക്കബ് ജെയിംസ്,<br>തകടിയൽ,<br>എരുമേലി | 173/5 |
| 53 | ജിജോ ജെയ്സ്,<br>പുൽപ്പേൽ ഹൗസ്,<br>എരുമേലി | 169/4-5, 169/3-1,<br>169/2 |
| 54 | ജെയിംസ് സെബാസ്റ്റിൻ,<br>പുൽപ്പേൽ വീട്,<br>എരുമേലി | 169/3, 170/3-2,<br>170/3-1 |
| 55 | ടി സി ജെയിംസ്,<br>ടി സി എബ്രഹാം,<br>ചാക്കോ സക്കറിയ | 173/4, 173/3-2 |
| 56 | ജെയിംസ് ടി സി,<br>തകടിയേൽ<br>എരുമേലി | 171/5, 173/5<br>173/4, 173/3-2 |
| 57 | ടിസി എബ്രഹാം,<br>തകടിയേൽ<br>എരുമേലി | 173/4-2, 173/5-1 |
| 58 | ജിൻസി എന്ന ജെനിമോൾ,<br>കടശ്ശേരി വീട്,<br>എരുമേലി പി.ഒ | 177/9, 184/3 |
| 59 | ജോബിൻ സെബാസ്റ്റ്യൻ | 184/3-1-3 |
| 60 | ത്രേസ്യാമ്മ സെബാസ്റ്റ്യൻ<br>കടശ്ശേരിൽ വീട്,<br>എരുമേലി പി.ഒ. | 184/9 |
| 61 | കോശി ഈപ്പൻ,<br>പട്ടാളി വീട്,<br>കനകപാലം പി.ഒ,<br>എരുമേലി | 21/1, 22/2, 24/5 |
| 62 | എം പി തങ്കപ്പൻ<br>മുരിപ്പേൽ,<br>കരിക്കാട്ടൂർ സെൻറർ പി ഒ | 191/8 |
| 63 | ടിഞ്ചു എൻ ജോർജ്,<br>ഞാല്ലിമാക്കൽ<br>എരുമേലി പി.ഒ | 25/1-1 |
| 64 | ലീലാമ്മ ജോർജ്,<br>ഞാല്ലിമാക്കൽ<br>എരുമേലി, പി.ഒ | 25/1-2 |

| | | |
|---|---|---|
| 65 | ടിൻസി തോമസ്,<br>പുത്തേട്ട്,<br>എരുമേലി | 25/2 |
